അപേക്ഷകയോട് ആവശ്യപ്പെട്ടിട്ടുണ്ട്. സർവീസിലിരിക്കുമ്പോൾ മരിക്കുന്നവരുടെ ആശ്രിതർക്കു ലഭിക്കുന്ന ജോലിക്കുള്ള അപേക്ഷയാതൊന്നുംതന്നെ ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) അപേക്ഷ കിട്ടിയിട്ടില്ല.

(സി) അപേക്ഷ ലഭിച്ചാലുടൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പഞ്ചായത്തുകളിൽ നിയമനം നടത്താതെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ

1221 [1951] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പഞ്ചായത്തുകളിൽ ഇപ്പോൾ എത്ര തസ്തികകൾ നിയമനം നടത്താതെ ഒഴിഞ്ഞു കിടപ്പുണ്ട്;

(ബി) തൃശൂർ ജില്ലയിൽ മാത്രം എത്ര ഒഴിവുകളുണ്ട്;

(സി) പഞ്ചായത്തുകളിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ മുഖാന്തിരം നിയമനം നടത്തുന്നതിനു എന്താണ് തടസ്സം;

(ഡി) തൃശൂർ ജില്ലയിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖാന്തിരം നിയമിച്ചവരെ പിരിച്ചു വിട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ജീവനക്കാരുടെ എന്തു തെറ്റുകൾ മൂലമാണവരെ പിരിച്ചുവിട്ടിട്ടുള്ളത്;

(എഫ്) പ്രായപരിധി കഴിഞ്ഞവരെ സ്പെഷ്യൽ കേസായി പരിഗണിച്ച് പുനർനിയമനം നടത്തുവാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) പഞ്ചായത്തുകളിലെ നിയമനം 1-4-1978 മുതൽ പബ്ലിക് സർവീസ് കമ്മീഷൻറെ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. അതുകൊണ്ട് നിയമനങ്ങൾ പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയാണ് നടത്തേണ്ടത്.

(ഡി) പിരിച്ചുവിട്ടിട്ടുണ്ട്.

(ഇ) 31-1-1978-ൽ പഞ്ചായത്ത് ഡയറക്ടർ എല്ലാ ജില്ലാ പഞ്ചായത്താഫീസർമാർക്കും നിലവിലുള്ള ഒഴിവുകളിൽ ഒന്നുംതന്നെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തരുതെന്ന് നിർദ്ദേശം നൽകിയിരുന്നു. 1-4-1978 മുതൽ ടി നിയമനങ്ങളെല്ലാം പി. എസ്. സി. യ്ക്കുവിട്ടുകൊടുക്കാൻ ഉദ്ദേശിച്ചതിനാലാണ് പ്രസ്തുത നിർദ്ദേശം നൽകിയത്. പ്രസ്തുത നിയമനങ്ങളെല്ലാം 1-4-1978 മുതൽ പി. എസ്. സി. യ്ക്കു വിട്ടുകൊണ്ടുള്ള വിജ്ഞാപനം 8-3-1978-ൽ പ്രസിദ്ധീകരിക്കുകയുണ്ടായി. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായിട്ടാണ് തൃശൂർ ജില്ലാ പഞ്ചായത്താഫീസർ നിയമനങ്ങൾ നടത്തിയത്. അതുകൊണ്ടാണ് അവരെ പിരിച്ചുവിട്ടത്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇത്തരം കാര്യങ്ങളിൽ നിയമാനുസൃതമായ നടപടി സ്വീകരിക്കുന്നതിനു മാത്രമേ സാദ്ധ്യമാകുകയുള്ളു.

തൊടിയൂർ വട്ടക്കായൽ സ്കീം

1222 [1952] ശ്രീ. കല്ലട നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ തൊടിയൂർ വട്ടക്കായൽ സ്കീം കായൽ റിക്ലമേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പണി തുടങ്ങാനുള്ള കാലതാമസത്തിന് കാരണം എന്തെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പാലക്കാട് മിൽക്ക് സപ്ലൈ യൂണിയൻ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

1223 [1953] ശ്രീ. പി. ശങ്കർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് മിൽക്ക് സപ്ലൈ യൂണിയൻ മിൽമാ ഏറ്റെടുത്ത ശേഷം അവിടുത്തെ ജീവനക്കാർക്ക് മിൽമായുടെ മറ്റു യൂണിറ്റുകളിലെ ജീവനക്കാർക്കു തുല്യമായി സേവന-വേതന വ്യവസ്ഥകൾ അംഗീകരിക്കാത്തത് എന്തുകൊണ്ട് ;

(ബി) ഇപ്പോൾ എടുക്കുന്ന കാഷ്വൽ തൊഴിലാളിക്ക് 9 രൂപ ദിവസക്കൂലി കൊടുക്കുമ്പോൾ സ്ഥിരമായി പ്രവർത്തിക്കുന്നവർക്ക് മാസത്തിൽ 225 രൂപ കൊടുക്കുന്നതിന്റെ കാരണമെന്ത് ?

ഉത്തരം

(എ) പാലക്കാട് മിൽക്ക് സപ്ലൈ യൂണിയൻ ''മിൽമാ'' ഏറ്റെടുത്തിട്ടില്ല. പാലക്കാട് ഡയറി പ്ലാന്റിന്റെ നടത്തിപ്പ് സർക്കാർ യൂണിയനിൽനിന്നും ഏറ്റെടുത്തു മിൽമയെ ഏൽപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. ജീവനക്കാർ യൂണിയന്റെ കീഴിൽ പ്രവർത്തിച്ചിരുന്നപ്പോൾ ഉള്ള സേവന-വേതന വ്യവസ്ഥകൾ തന്നെയാണ് തുടർന്നു പോരുന്നത്. മുൻപറഞ്ഞ സംവിധാനത്തിൽ ഈ തൊഴിലാളികൾ ''മിൽമ'' യുടെ തൊഴിലാളികളായി തീർന്നിട്ടില്ലാത്തതിനാൽ 'മിൽമാ' യുടെ മറ്റു യൂണിറ്റുകളിലുള്ള ജീവനക്കാർക്ക് തുല്യമായ സേവന-വേതനവ്യവസ്ഥകൾ ഇവർക്ക് ഏർപ്പെടുത്തിയിട്ടില്ല.

(ബി) പാലക്കാട് ഡയറിയിലെ തൊഴിലാളികൾക്ക് പാലക്കാട് മിൽക്ക് സപ്ലൈ യൂണിയന്റെ കീഴിൽ കിട്ടിക്കൊണ്ടിരിക്കുന്ന വേതന നിരക്കാണ് ഇപ്പോഴും നൽകി വരുന്നത്. ഇവർക്ക് കാഷ്വൽ തൊഴിലാളികളുമായി യാതൊരു താരതമ്യവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly